# അനുബന്ധം II

## (1) ശ്രീ. സജീവ് ജോസഫ്, എം.എൽ.എ.-യുടെ സബ്മിഷന് ബഹുമാനപ്പെട്ട പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി നൽകിയ മറുപടി

ഇരിക്കൂർ മണ്ഡലത്തിലെ ചുണ്ടപ്പറമ്പ്-പൂപ്പറമ്പ്-നെല്ലിക്കുറ്റി-അരിക്കാമല-വെള്ളാട്-കരുവഞ്ചാൽ റോഡിന്റെ നവീകരണത്തിന് 2022-23 ബഡ്ജറ്റിൽ 20 ശതമാനം തുക വകയിരുത്തിയിരുന്നു. ഈ റോഡ് നവീകരണത്തിന് 20 കോടി രൂപയുടെ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി ധനവകുപ്പിന്റെ പരിശോധനയ്ക്ക് നൽകിയിരുന്നു. ഇത്രയും തുകയ്ക്കുള്ള പദ്ധതിക്ക് ധനവകുപ്പ് അനുമതി നൽകിയില്ല. എങ്കിലും എസ്റ്റിമേറ്റ് പുതുക്കി ഭരണാനുമതിക്കായി നൽകാനാകുമോ എന്ന കാര്യം പരിശോധിച്ചുവരുന്നു.

## (2) ശ്രീ. ഡി. കെ. മുരളി, എം.എൽ.എ.-യുടെ സബ്മിഷന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി നൽകിയ മറുപടി

വാമനപുരം നിയോജകമണ്ഡലത്തിലെ പ്രകൃതിരമണീയമായ ഭൂപ്രദേശമാണ് കല്ലറ ഗ്രാമപഞ്ചായത്തിലെ അരുവിപ്പുറം. ഇവിടുത്തെ പാലവും വിനോദസഞ്ചാരത്തിന് വളരെയധികം പ്രയോജനപ്പെടുന്നതാണ്. ഈ ടൂറിസം സാധ്യതകൾ പ്രയോജനപ്പെടുത്തിക്കൊണ്ട് അരുവിപ്പുറം ടൂറിസം വികസന പദ്ധതി നടപ്പാക്കുന്നതിനായി 1.44 കോടി രൂപയുടെ ഭരണാനുമതി

നൽകിയിട്ടുണ്ട്. ഈ പദ്ധതിയുടെ നിർവ്വഹണ ഏജൻസി തിരുവനന്തപുരം ഡി.റ്റി.പി.സി.-യും പദ്ധതി നടപ്പാക്കുന്നത് KEL മുഖേനയുമാണ്. പദ്ധതിക്കായി എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചിരുന്നുവെങ്കിലും ഡി.പി.ആർ. അനുസരിച്ചുള്ള ചില പദ്ധതി ഘടകങ്ങൾ ഈ പദ്ധതി പ്രദേശത്ത് നടപ്പാക്കാൻ സാങ്കേതിക തടസ്സങ്ങൾ വന്നു. പുതുക്കിയ എസ്റ്റിമേറ്റിലും ചില അപാകതകൾ കണ്ടെത്തിയിട്ടുണ്ട്. ഇത് പരിഹരിച്ച് ലഭ്യമാക്കിയാൽ പദ്ധതി ആരംഭിക്കാനുള്ള നടപടിക്രമങ്ങളിലേയ്ക്ക് കടക്കും.

(3) <u>ശ്രീമതി കാനത്തിൽ ജമീല, എം.എൽ.എ.-യുടെ സബ്മിഷന് ബഹുമാനപ്പെട്ട പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി നൽകിയ മറുപടി</u>

ദേശീയപാത 66-ന്റെ വികസനം സാധ്യമാക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന സർക്കാരും പൊതുമരാമത്ത് വകുപ്പും ദേശീയപാത അതോറിറ്റിയുമായി ചേർന്ന് പ്രവർത്തിക്കുകയാണ്. ദേശീയപാത 66-ന്റെ വികസനം അതിവേഗതയിൽ പുരോഗമിക്കുകയാണ്. നാടിന്റെ മുഖച്ഛായ തന്നെ മാറുന്ന നിലയിലാണ് ദേശീയപാത വീതികൂട്ടി വികസിപ്പിക്കുന്നത്. എല്ലാ റീച്ചുകളിലും പ്രവൃത്തികൾ അതിവേഗം പുരോഗമിക്കുന്നു. പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുകയാണ് നമ്മുടെ ലക്ഷ്യം.

പ്രവൃത്തിയുമായി ബന്ധപ്പെട്ട് അണ്ടർപാസ്, ഫൂട്ട് ഓവർ ബ്രിഡ്ജ് തുടങ്ങിയ ആവശ്യങ്ങൾ ചില ഇടങ്ങളിൽനിന്നും ഉയർന്നുവന്നിട്ടുണ്ട്. ദേശീയപാത അതോറിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തി ഇവ പരിഹരിക്കാൻ ശ്രമിക്കുന്നുണ്ട്. ഫൂട്ട് ഓവർബ്രിഡ്ജുകൾ എന്ന ആവശ്യവും ദേശീയപാത അതോറിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്താം.

(4) ശ്രീ. ടി. ഐ. മധുസൂദനൻ, എം.എൽ.എ.-യുടെ സബ്മിഷന് ബഹുമാനപ്പെട്ട പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി നൽകിയ മറുപടി

കണ്ണൂർ ജില്ലയിലെ പയ്യന്നൂർ  പുതിയ ബസ്സ് സ്റ്റാൻഡിനെയും ദേശീയ പാത 66-നെയും ബന്ധിപ്പിക്കുന്ന പെരുമ്പ സമാന്തര പാലത്തിന്റെ നിർമ്മാണം സാധ്യമാക്കാനുള്ള ശ്രമമാണ് പൊതുമരാമത്ത് വകുപ്പ് നടത്തുന്നത്. പയ്യന്നൂരിന്റെ ഗതാഗത കുരുക്ക് അഴിക്കാൻ ഈ പാലം വലിയ നിലയിൽ സഹായകരമാകും. കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി ഭരണാനുമതിക്ക് ശ്രമിച്ചിരുന്നെങ്കിലും അനുമതി ലഭിച്ചിരുന്നില്ല. പദ്ധതിക്കായി 84.77 കോടി രൂപയുടെ എസ്റ്റിമേറ്റ്  തയ്യാറാക്കിയിട്ടുണ്ട്. ഏതെങ്കിലും പദ്ധതികളിൽ ഈ പാലം ഉൾപ്പെടുത്തി ഭരണാനുമതി നൽകാൻ കഴിയുമോയെന്ന് പരിശോധിക്കുന്നുണ്ട്.

(5) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ, എം.എൽ.എ.-യുടെ സബ്മിഷന് ബഹുമാനപ്പെട്ട പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി നൽകിയ വിശദമായ മറുപടി

കേരളത്തിലെ ഏറ്റവും വലിയ ബീച്ചുകളിലൊന്നായ കയ്പമംഗലം നിയോജകമണ്ഡലത്തിലെ അഴീക്കോട് മുനയ്ക്കൽ മുസിരിസ് ഡോൾഫിൻ ബീച്ചിനെ ഇന്ത്യയിലെതന്നെ ഏറ്റവും വലിയ ഹെറിറ്റേജ് പദ്ധതിയായ മുസിരിസ് ഹെറിറ്റേജ് പദ്ധതിയിൽ ഉൾപ്പെടുത്തി പരിപാലിച്ചുവരികയാണ്. ഈ ബീച്ചിന് ബ്ലൂ ഫ്ലാഗ് സർട്ടിഫിക്കേഷൻ ലഭിക്കുന്നതിനുള്ള നടപടികൾ ടൂറിസം വകുപ്പ് നടത്തുകയാണ്. നിലവിൽ 5.97 കോടി രൂപയുടെ സൗന്ദര്യവത്കരണ-നവീകരണ പ്രവൃത്തികൾ നടന്നുവരികയാണ്. ചില സാങ്കേതിക കാരണങ്ങളാൽ പ്രവൃത്തി തടസ്സപ്പെട്ടിട്ടുണ്ട്. അവ പരിഹരിച്ച് പ്രവൃത്തി പുനരാരംഭിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ പ്രവൃത്തി പൂർത്തീകരിച്ചാൽ ഡോൾഫിൻ ബീച്ചിനെ സഞ്ചാരികളുടെ ഇഷ്ട കേന്ദ്രമാക്കി മാറ്റുന്നതിന് സാധിക്കുമെന്നാണ് പ്രതീക്ഷ.

(6) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ, എം.എൽ.എ.-യുടെ സബ്മിഷന് ബഹുമാനപ്പെട്ട പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി നൽകിയ വിശദമായ മറുപടി

കോഴിക്കോട് നോർത്ത്, ഏലത്തൂർ നിയോജകമണ്ഡലങ്ങളിൽ ഉൾപ്പെടുന്ന പാവങ്ങാട് റെയിൽവേ മേൽപ്പാല നിർമ്മാണത്തിനുവേണ്ടി ആർ.ബി.ഡി.സി.കെ.-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പദ്ധതിക്ക് ആവശ്യമുള്ള മുഴുവൻ ഭൂമിയും ഏറ്റെടുത്ത റവന്യൂ വകുപ്പ് ആർ.ബി.ഡി.സി.കെ.-ക്ക് കൈമാറിയിട്ടുമുണ്ട്. റെയിൽവേ ഭാഗത്തിന്റെ പ്രവൃത്തി ഇതിനോടകം തന്നെ റെയിൽവേ പൂർത്തിയാക്കിയിട്ടുള്ളതുമാണ്.

ആർ.ഒ.ബി.-യുടെ റെയിൽവേ ഭാഗം ഒഴികെയുള്ള നിർമ്മാണ പ്രവൃത്തികൾക്കായി 1030 ലക്ഷം രൂപയുടെ ഭരണാനുമതിയാണ് നിലവിലുള്ളത്. എന്നാൽ നിലവിലുള്ള രൂപരേഖ അനുസരിച്ച് കൂടുതൽ തുക ആവശ്യമാണ്. 12.82 കോടി രൂപയ്ക്ക് പുതുക്കിയ ഭരണാനുമതി നൽകുന്നത് ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. ധനകാര്യ വകുപ്പിന്റെ തീരുമാനം ലഭ്യമായശേഷം തുടർനടപടികൾ സ്വീകരിക്കാം.

(7) <u>ശ്രീമതി ഒ. എസ്. അംബിക, എം.എൽ.എ.-യുടെ സബ്മിഷന് ബഹുമാനപ്പെട്ട പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി നൽകിയ മറുപടി</u>

ആറ്റിങ്ങൽ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട കായിക്കരക്കടവ് പാലത്തിന്റെ സ്ഥലമേറ്റെടുക്കൽ നടപടികൾക്കായി 11-02-2020-ൽ കിഫ്ബിയിൽനിന്നും 5.50 കോടി രൂപയുടെ സാമ്പത്തികാനുമതി ലഭിച്ചിരുന്നു. നിലവിലെ സാഹചര്യത്തിൽ സ്ഥലമേറ്റെടുക്കലിന് 6.99 കോടി രൂപയ്ക്ക് അനുമതി ലഭിക്കുന്നതിനുവേണ്ടി 26-06-2023-ൽ കിഫ്ബിയിൽ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. അത് കിഫ്ബിയുടെ പരിഗണനയിലാണ്. DSR 2016 പ്രകാരം 25.45 കോടി രൂപയ്ക്ക് തയ്യാറാക്കിയ പ്രവൃത്തിയുടെ ഡി.പി.ആർ. പുതുക്കി സമർപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. ലാൻഡ് അക്വിസിഷൻ കോസ്റ്റ് കിഫ്ബിയിൽനിന്നും ലഭ്യമാകുന്ന മുറയ്ക്ക് 19(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിക്കാൻ കഴിയുന്നതും പ്രവൃത്തിക്ക് സാമ്പത്തികാനുമതി ലഭ്യമാക്കി ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതുമാണ്.

(8) ശ്രീ. എൻ. എ. നെല്ലിക്കുന്ന്, എം.എൽ.എ.-യുടെ സബ്മിഷന് ബഹുമാനപ്പെട്ട ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി നൽകിയ വിശദമായ മറുപടി

24-03-2013-ലെ സ.ഉ.(കൈ)നം.98/2012/ആ.കു.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം, കാസർഗോഡ് ജില്ലയിൽ, ബദിയടുക്ക വില്ലേജിൽ കാസർഗോഡ് സർക്കാർ മെഡിക്കൽ കോളേജ് സ്ഥാപിക്കുന്നതിന് അനുമതി നൽകുകയും തുടർന്ന് ബദിയടുക്ക വില്ലേജിൽ 25.0639 ഹെക്ടർ (61.92 ഏക്കർ) ഭൂമി മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കൈമാറുകയും മെഡിക്കൽ കോളേജിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി KITCO-യെ പ്രോജക്ട് കൺസൾട്ടന്റായി നിയമിക്കുകയും ചെയ്തു. തുടർന്ന് മെഡിക്കൽ കോളേജിന്റെ നിർമ്മാണം ഘട്ടംഘട്ടമായി നിർവ്വഹിക്കുന്നതിന് വിഭാവനം ചെയ്യുകയും കെ.ഡി.പി., നബാർഡ്, സ്റ്റേറ്റ് പ്ലാൻ ഫണ്ട്, കിഫ്ബി എന്നിവ മുഖേന മെഡിക്കൽ കോളേജിന്റെ നിർമ്മാണത്തിനുവേണ്ട ഫണ്ട് ലഭ്യത ഉറപ്പുവരുത്തുകയും ചെയ്തു. കൂടാതെ മെഡിക്കൽ കോളേജിന്റെ സുഗമമായ പ്രവർത്തനത്തിനായി 09-04-2020-ലെ G.O (MS)No. 62/2020/H&FWD പ്രകാരം 273 അദ്ധ്യാപക-അനദ്ധ്യാപക തസ്തികകളും സൃഷ്ടിക്കുകയുണ്ടായി.

കാസർഗോഡ് സർക്കാർ മെഡിക്കൽ കോളേജിന്റെ പ്രവർത്തനം 06-04-2020 മുതലാണ് ആരംഭിച്ചത്. പണി പൂർത്തിയാക്കിയ അക്കാഡമിക് ബ്ലോക്കിൽ 12 ഐ.സി.യു., 34 ഓക്സിജൻ ലഭ്യതയുള്ള ബെഡ്ഡുകൾ അടക്കം 166 ബെഡ്ഡുകളുള്ള കോവിഡ് ആശുപത്രിയായിട്ടാണ് പ്രവർത്തനം ആരംഭിച്ചത്. പ്രസ്തുത മെഡിക്കൽ കോളേജിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ ആദ്യഘട്ടമായി കാമ്പസ് റോഡ്, കുഴൽക്കിണർ എന്നിവയുടെ നിർമ്മാണത്തിനായി 99,75,877/- രൂപയുടെ ഭരണാനുമതി ലഭിക്കുകയും പണികൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. തുടർന്ന് രണ്ടാം ഘട്ടമായി കാസർഗോഡ് വികസന പാക്കേജിൽ ഉൾപ്പെടുത്തി അക്കാഡമിക് ബ്ലോക്കിന്റെ സിവിൽ നിർമ്മാണ പ്രവർത്തനങ്ങൾക്കായി 25 കോടി രൂപയുടെ ഭരണാനുമതിയും കൂടാതെ അക്കാഡമിക് ബ്ലോക്കിന്റെ ഇലക്ട്രിക്കൽ, ഇ.എൽ.വി. വർക്കുകൾ, അഗ്നി സുരക്ഷാ സംവിധാനം തുടങ്ങിയ പ്രവൃത്തികൾക്കായി 523.04 ലക്ഷം രൂപയുടെ ഭരണാനുമതിയും നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികളിൽ സിവിൽ, ഇലക്ട്രിക്കൽ, മെക്കാനിക്കൽ, ഫയർ ഫൈറ്റിംഗ് പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. അവശേഷിക്കുന്ന ഇ.എൽ.വി. വർക്കുകൾ എത്രയും വേഗം പൂർത്തിയാക്കാൻ

വേണ്ട നിർദ്ദേശം നിർമ്മാണ ഏജൻസിക്ക് നൽകുകയും പ്രസ്തുത പണികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ സ്വീകരിച്ചുവരികയും ചെയ്യുന്നു.

അക്കാഡമിക് ബ്ലോക്കിലാണ് ഹോസ്പിറ്റലിന്റെ ഒ.പി. പ്രവർത്തനങ്ങൾ നിലവിൽ നടന്നുവരുന്നത്. 03-01-2022 മുതൽ നിർമ്മാണം പൂർത്തിയാക്കിയ അക്കാഡമിക് ബ്ലോക്കിൽ ഒ.പി. ചികിത്സാ വിഭാഗം പ്രവർത്തിച്ചുവരുന്നു. ജനറൽ സ്പെഷ്യാലിറ്റി വിഭാഗങ്ങളെ കൂടാതെ സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങളായ ന്യൂറോളജി, നെഫ്രോളജി, റുമറ്റോളജി എന്നീ വിഭാഗങ്ങളിൽ യോഗ്യതയുള്ള അദ്ധ്യാപകരുടെ സേവനം ഇവിടെ നൽകി വരുന്നുണ്ട്. മെഡിക്കൽ കോളേജിന്റെ റസിഡൻഷ്യൽ ഫെസിലിറ്റീസ് നിർമ്മാണത്തിന്റെ ഭാഗമായി ഗേൾസ് ഹോസ്റ്റൽ, അദ്ധ്യാപക ക്വാർട്ടേഴ്സ് (2BHK) എന്നിവയുടെ നിർമ്മാണത്തിന് 20-01-2020-ലെ സ.ഉ. (സാധാ)നം.35/2020/P&EA പ്രകാരം കാസർഗോഡ് വികസന പാക്കേജിൽ ഉൾപ്പെടുത്തി 29,01,47,138 രൂപയുടെ ഭരണാനുമതി ലഭിക്കുകയും നിലവിൽ 29,83,20,088 രൂപയ്ക്ക് ഊരാളുങ്കൽ ലേബർ

കോൺട്രാക്ട് സൊസൈറ്റിക്ക് നൽകുകയും പ്രവൃത്തിയുടെ 65% പണികൾ പൂർത്തിയാക്കിയിട്ടുമുണ്ട്.

നബാർഡ് ആർ.ഐ.ഡി.എഫ്.-ൽ 2016-17 വർഷം 95.09 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയ മെഡിക്കൽ കോളേജ് ആശുപത്രി കെട്ടിടത്തിന്റെ പ്രവൃത്തി ത്വരിതഗതിയിൽ നടന്നുവരുന്നുണ്ട്. ഈ ആശുപത്രി കെട്ടിടം പൂർത്തിയാക്കുന്നതിന് മന്ത്രിതലത്തിൽ ഉദ്യോഗസ്ഥരുടെ പ്രത്യേക യോഗം വിളിച്ച് ചേർക്കുകയും നിർമ്മാണം പൂർത്തിയാക്കുന്നതിനാവശ്യമായ തുക പ്രത്യേക പരിഗണന നൽകി കിഫ്ബി വഴി അനുവദിച്ച് നൽകിയിട്ടുമുണ്ട്. ഇത് ഉൾപ്പെടെ മെഡിക്കൽ കോളേജിനാവശ്യമായ ഉപകരണങ്ങൾക്കും മറ്റ് നിർമ്മാണ പ്രവർത്തനങ്ങൾക്കുമായി 06-08-2021-ലെ ജി.ഒ.(ആർ.ടി.)നം. 1689/21/ആ.കു.വ. പ്രകാരം 160.23 കോടി രൂപയുടെ (കിഫ്ബി ഫണ്ട്) ഭരണാനുമതി നൽകിയിട്ടുണ്ട്. (ഇതിൽ 31 കോടി രൂപ ആശുപത്രിയുടെ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തിക്കായി കിഫ്ബി സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്.) ആശുപത്രി ബ്ലോക്ക് പൂർത്തിയാകുന്നതോടെ കിടത്തി ചികിത്സ ആരംഭിക്കാവുന്നതും എൻ.എം.സി.-യുടെ അനുമതിയോടുകൂടി

മെഡിക്കൽ കോളേജിൽ വിദ്യാർത്ഥികളെ പ്രവേശിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതുമാണ്.

കിഫ്ബി പദ്ധതികളിൽ ആശുപത്രിയുടെ മെക്കാനിക്കൽ, ഇലക്ട്രിക്കൽ, പ്ലമ്പിംഗ് ജോലികൾ ആരംഭിക്കുകയും ബാക്കിയുള്ള പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ മെഡിക്കൽ കോളേജിലേയ്ക്ക് 11 കെ.വി. കണക്ഷൻ ലഭ്യമാക്കുന്നതിനായി താത്കാലികമായി ഓവർ ഹെഡ് കണക്ഷൻ അനുവദിക്കുന്നതിനായി ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽനിന്നും 3,33,774 രൂപ ലഭ്യമാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

ആശുപത്രിയുടെ നിർമ്മാണം ഉടൻ പൂർത്തിയാക്കി കേരള ആരോഗ്യ സർവ്വകലാശാലയുടെയും നാഷണൽ മെഡിക്കൽ കമ്മീഷന്റെയും അനുമതി തേടി കാസർഗോഡ് സർക്കാർ മെഡിക്കൽ കോളേജിൽ എം.ബി.ബി.എസ്. അഡ്മിഷൻ ആരംഭിക്കുന്നതിനുള്ള പരിശ്രമവും പ്രവർത്തനവും സർക്കാർ നടത്തുകയാണ്.

(9) <u>ശ്രീ. ജി. എസ്. ജയലാൽ, എം.എൽ.എ.-യുടെ സബ്മിഷന് ബഹുമാനപ്പെട്ട ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി നൽകിയ വിശദമായ മറുപടി</u>

കൊല്ലം ജില്ലയിലെ പരവൂർ നഗരസഭയിൽ സ്ഥിതി ചെയ്യുന്ന ആരോഗ്യ സ്ഥാപനമാണ് നെടുങ്ങോലം രാമറാവു മെമ്മോറിയൽ താലൂക്ക് ആശുപത്രി. 2010-ൽ താലൂക്ക് ആശുപത്രിയായി ഉയർത്തിയ ഇവിടെ അനുവദിക്കപ്പെട്ടിട്ടുള്ള കിടക്കകളുടെ എണ്ണം 66-ഉം ശരാശരി പ്രതിദിന ഒ.പി. 500-ഉം ഐ.പി.-പത്തുമാണ്. ഈ ആശുപത്രിയിൽ 24 മണിക്കൂർ കാഷ്വാലിറ്റി സേവനം ലഭ്യാമാണ്. ലേബർ റൂം, കാഷ്വാലിറ്റി, ഡയാലിസിസ് യൂണിറ്റ്, ഐ.സി.യു, പോസ്റ്റ് ഓപ്പറേറ്റീവ് വാർഡ്, മെയിൽ വാർഡ്, ഫീമെയിൽ വാർഡ്, ആന്റിനേറ്റൽ വാർഡ്, പീഡിയാട്രിക് വാർഡ്, ദന്തൽ വിഭാഗം, വിമുക്തി ഡി-അഡിക്ഷൻ സെന്റർ, ജെറിയാട്രിക് ക്ലിനിക്, എൻ.സി.ഡി. ക്ലിനിക്, ഐസോലേഷൻ വാർഡ്, ലാബ്, ഫാർമസി, ഫിസിയോതെറാപ്പി യൂണിറ്റ് മുതലായവ ഈ ആശുപത്രിയിൽ പ്രവർത്തിക്കുന്നു.

പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി 1.15 കോടി രൂപ ചെലവഴിച്ച് നിർമ്മിക്കുന്ന സർജിക്കൽ ബ്ലോക്കിന്റെ നിർമ്മാണ പ്രവൃത്തി 90%

പൂർത്തിയായിട്ടുണ്ട്. എൻ.എച്ച്.എം. മുഖേന നിർമ്മിക്കുന്ന ഒ.പി. നവീകരണത്തിന് 1.27 കോടി രൂപ അനുവദിക്കുകയും ആയതിന്റെ കോൺക്രീറ്റ് പ്രവൃത്തി പൂർത്തിയാകുകയും ചെയ്തു. ഈ ആശുപത്രിയിൽ സിവിൽ സർജൻ-1, അസിസ്റ്റന്റ് സർജൻ -5, ജൂനിയർ കൺസൾട്ടന്റ് (ഗൈനക്കോളജി)-1, ജൂനിയർ കൺസൾട്ടന്റ് (പീഡിയാട്രിക്സ്)-1, അസിസ്റ്റന്റ് ദന്തൽ സർജൻ-1 എന്നിങ്ങനെ സ്ഥിരം ജീവനക്കാരുടെ 48 അംഗീകൃത തസ്തികകളുണ്ട്. എൻ.എച്ച്.എം. മുഖാന്തരം 3 മെഡിക്കൽ ഓഫീസർമാർ ഉൾപ്പെടെ 17 താത്കാലിക ജീവനക്കാരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. എച്ച്.എം.സി., ആർ.എസ്.ബി.വൈ. പ്രകാരം 62 പേരുടെയും പ്രോജക്ട് അടിസ്ഥാനമാക്കി മൂന്ന് പേരുടെയും വിമുക്തി പദ്ധതിയുടെ ഭാഗമായി ഒരു മെഡിക്കൽ ഓഫീസർ ഉൾപ്പെടെ 9 പേരുടെയും സേവനം ലഭ്യമായിട്ടുണ്ട്. നിലവിൽ ടി സ്ഥാപനത്തിൽ സ്ഥിരം, താത്കാലിക ജീവനക്കാർ ഉൾപ്പെടെ 144 ജീവനക്കാരുടെ സേവനം ഈ ആശുപത്രിയിൽ ലഭ്യമാണ്. ഈ ആശുപത്രിയിലേയ്ക്ക് ഒരു ജൂനിയർ കൺസൾട്ടന്റ് (ഗൈനക്കോളജി)ന്റെയും രണ്ട് അസിസ്റ്റന്റ് സർജന്മാരുടെയും ഒരു ദന്തൽ സർജന്റെയും ഉൾപ്പെടെ 6 പേരുടെ സേവനം ജോലിക്രമീകരണ അടിസ്ഥാനത്തിൽ നൽകിയിട്ടുണ്ട്.

ഈ സർക്കാർ അധികാരമേറ്റശേഷം ഈ ആശുപത്രിയിൽ സ്റ്റാഫ് നഴ്സ്, ഫാർമസിസ്റ്റ്, ലോവർ ഡിവിഷൻ ക്ലാർക്ക് വിഭാഗങ്ങളിൽ ഓരോ തസ്തികകൾ പുതിയതായി സൃഷ്ടിച്ചിട്ടുണ്ട്. സമഗ്ര വികസന പാക്കേജിന്റെ ഭാഗമായി ഗ്യാപ് അനാലിസിസ് നടത്തി ആരോഗ്യ വകുപ്പിനുകീഴിലുള്ള ആരോഗ്യ സ്ഥാപനങ്ങളിൽ അധിക തസ്തികകൾ ഘട്ടംഘട്ടമായി സൃഷ്ടിക്കാൻ കഴിയുമോയെന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നുണ്ട്. നെടുങ്ങോലം താലൂക്ക് ആശുപത്രിയിൽ ആർദ്രം സ്റ്റാന്റേർഡൈസേഷൻ പ്രകാരമുള്ള സൗകര്യങ്ങളും തസ്തികകളും മുൻഗണനാടിസ്ഥാനത്തിൽ ക്രമീകരിക്കുന്നതാണ്.

(10) <u>ശ്രീ. സനീഷ്കുമാർ ജോസഫ്, എം.എൽ.എ.-യുടെ സബ്മിഷന് ബഹുമാനപ്പെട്ട ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി നൽകിയ വിശദമായ മറുപടി</u>

തൃശ്ശൂർ ജില്ലയിലെ ചാലക്കുടി താലൂക്ക് ആസ്ഥാന ആശുപത്രിയെ ആർദ്രം സ്റ്റാന്റേർഡൈസേഷൻ പ്രകാരം താലൂക്കുതല ആശുപത്രികളുടെ പട്ടികയിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഈ ആശുപത്രിക്ക് 2018-ൽ NQAS അംഗീകാരം ലഭ്യമാകുകയും 2022-ൽ തുടർച്ചയായ രണ്ടാമത്തെ

NQAS അംഗീകാരവും കരസ്ഥമാക്കുകയും ചെയ്തിട്ടുണ്ട്. 2020-ൽ കായകൽപ്പ അവാർഡിന് സംസ്ഥാനതലത്തിൽ ഒന്നാം സ്ഥാനം നേടുകയും ചെയ്തിട്ടുണ്ട്.

144 കിടക്കകളുള്ള ഈ ആശുപത്രിയുടെ ഫംഗ്ഷണൽ ബെഡ് സ്ട്രെങ്ത് 204-ഉം പ്രതിദിന ശരാശരി ഒ.പി. 1400-ഉം ഐ.പി. 60-ഉം ആണ്. ഇവിടെ 7 സ്പെഷ്യാലിറ്റി വിഭാഗങ്ങൾക്ക് പുറമേ ഡയാലിസിസ് വിഭാഗം, അത്യാഹിത വിഭാഗം, 24 മണിക്കൂർ ലബോറട്ടറി, ബ്ലഡ് സ്റ്റോറേജ് യൂണിറ്റ്, സി.ടി. സ്കാൻ, മാമോഗ്രാം യൂണിറ്റ് തുടങ്ങിയ സൗകര്യങ്ങളും മെഡിക്കൽ ഐ.സി.യു, പവർ ലോൺട്രി, സി.എസ്.എസ്.ഡി., ഓക്സിജൻ പ്ലാന്റ്, സർജിക്കൽ ഐ.സി.യു, മെഡിക്കൽ റെക്കോർഡ് ലൈബ്രറി തുടങ്ങിയ സംവിധാനങ്ങളും ലഭ്യമാണ്.

ആശുപത്രിയിൽ നിലവിൽ സൂപ്രണ്ട്-1, കൺസൾട്ടന്റ് (ഓർത്തോ)-1, കൺസൾട്ടന്റ് (ഗൈനക്കോളജി)-1, കൺസൾട്ടന്റ് (ഇ.എൻ.ടി.)-1, കൺസൾട്ടന്റ് (പീഡിയാട്രിക്സ്)-1, ജൂനിയർ കൺസൾട്ടന്റ് (ഓർത്തോ)-1, ജൂനിയർ കൺസൾട്ടന്റ് (ഗൈനക്കോളജി)-2, ജൂനിയർ കൺസൾട്ടന്റ് (അനസ്തേഷ്യ)-2, ജൂനിയർ കൺസൾട്ടന്റ് (ഇ.എൻ.ടി.)-1, ജൂനിയർ കൺസൾട്ടന്റ് (പീഡിയാട്രിക്സ്)-1, ജൂനിയർ കൺസൾട്ടന്റ് (ജനറൽ

മെഡിസിൻ)-1, ജൂനിയർ കൺസൾട്ടന്റ് (ജനറൽ സർജറി)-1, ജൂനിയർ കൺസൾട്ടന്റ് (ഓഫ്താൽമോളജി)-1, ജൂനിയർ ദന്തൽ കൺസൾട്ടന്റ് -1, കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ-6 എന്നിങ്ങനെ സ്ഥിരം ജീവനക്കാരുടെ 121 അംഗീകൃത തസ്തികകളുണ്ട്. ഇതിനുപുറമേ എൻ.എച്ച്.എം. മുഖാന്തരം രണ്ട് മെഡിക്കൽ ഓഫീസർമാർ, ഒരു ദന്തൽ സർജൻ ഉൾപ്പെടെ 14 പേരുടെയും വിമുക്തി പദ്ധതി മുഖാന്തരം ഒരു മെഡിക്കൽ ഓഫീസർ, ഒരു ക്ലിനിക്കൽ സൈക്കോളജിസ്റ്റ് ഉൾപ്പെടെ 10 പേരുടെയും എൻ.സി.ഡി., ഐ.സി.റ്റി.സി. പ്രകാരം ഒരു മെഡിക്കൽ ഓഫീസർ, ഒരു ഡയറ്റീഷ്യൻ ഉൾപ്പെടെ 10 പേരുടെയും എച്ച്.എം.സി. മുഖാന്തരം 70 പേരുടെയും അടക്കം 104 താത്കാലിക ജീവനക്കാരുടെ സേവനം ഇവിടെ ലഭ്യമാണ്.

ചാലക്കുടി താലൂക്ക് ആസ്ഥാന ആശുപത്രിയിൽ ജൂനിയർ കൺസൾട്ടന്റ് (അനസ്തേഷ്യ)-1, കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ-2, സ്റ്റാഫ് നഴ്സ് ഗ്രേഡ് II-5, ലാബ് ടെക്നീഷ്യൻ-2, ഇ.സി.ജി. ടെക്നീഷ്യൻ ഗ്രേഡ് II-1, ആശുപത്രി അറ്റൻഡന്റ് ഗ്രേഡ് II-2, ആശുപത്രി അറ്റൻഡന്റ് ഗ്രേഡ് I-1, മെഡിക്കൽ റെക്കോർഡ്സ് ലൈബ്രേറിയൻ - 1, ഡയാലിസിസ് ടെക്നീഷ്യൻ-2 എന്നിങ്ങനെ 17 തസ്തികകൾ പുതുതായി കഴിഞ്ഞ

സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലയളവിലായി സൃഷ്ടിക്കുകയുണ്ടായി.

താലൂക്ക് ആസ്ഥാന ആശുപത്രി ചാലക്കുടിയിൽ ട്രോമാ കെയർ യൂണിറ്റിന്റെയും സർജിക്കൽ വാർഡിന്റെയും നിർമ്മാണത്തിനുവേണ്ടി നബാർഡിന്റെ സഹായത്തോടെ 4 കോടി 10 ലക്ഷം രൂപ ചെലവഴിച്ച് 3 നില കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം നടന്നു.

എൻ.എച്ച്.എം.-ന്റെ 2023-24 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ചാലക്കുടി താലൂക്ക് ആശുപത്രിയിൽ ബേൺസ് യൂണിറ്റ് സജ്ജീകരിക്കുന്നതിനായി 1.2 കോടി രൂപയുടെ അംഗീകാരം ലഭ്യമാക്കുകയുണ്ടായി. ഇതിന് ഉചിതമായ സ്ഥലം ആശുപത്രിയിൽ കണ്ടെത്തി എത്രയും വേഗം നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതാണ്.

ഒ.പി. വിഭാഗത്തിനായി പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭ്യമാകുന്നമുറയ്ക്ക് പരിശോധിക്കുന്നതാണ്. കാർഡിയോളജി, ഫോറൻസിക് തുടങ്ങിയ വിഭാഗം സേവനങ്ങൾ ആർദ്രം മാനദണ്ഡപ്രകാരം ജില്ലാതല ആശുപത്രികളിലാണ് നൽകി വരുന്നത്. ത്വക്ക് രോഗ വിഭാഗം

ആരംഭിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ വകുപ്പ് മേധാവിയിൽനിന്നും ലഭ്യമാകുമ്പോൾ പരിശോധിച്ച് തുടർ നടപടി സ്വീകരിക്കുന്നതാണ്.

സമഗ്ര വികസന പാക്കേജിന്റെ ഭാഗമായി ഗ്യാപ് അനാലിസിസ് നടത്തി ആരോഗ്യവകുപ്പിന് കീഴിലുള്ള ആരോഗ്യ സ്ഥാപനങ്ങളിൽ അധിക തസ്തികകൾ ഘട്ടംഘട്ടമായി സൃഷ്ടിക്കുന്നത് സർക്കാരിന്റെ പരിഗണനയിലാണ്.

(11) <u>ശ്രീ. സണ്ണി ജോസഫ്, എം.എൽ.എ.യുടെ സബ്മിഷന് ബഹുമാനപ്പെട്ട പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി നൽകിയ മറുപടി</u>

പേരാവൂർ നിയോജകമണ്ഡലത്തിൽ ആകെ 344.193 കി.മീ. പൊതുമരാമത്ത് റോഡുകളാണുള്ളത്. അതിൽ 188.642 കി. മീ. ബി.എം.&ബി.സി. ഉപരിതലവും 155.551 കി. മീ. ചിപ്പിംഗ് കാർപ്പെറ്റ് ഉപരിതലവുമാണ്. നിലവിൽ 2.00 കി.മീ. ബി.എം.&ബി.സി.പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. 145.626 കി.മീ. റോഡുകൾ RC1-ൽ (Running Contract) ഉൾപ്പെടുത്തി മെയിന്റനൻസ് വിഭാഗം അറ്റകുറ്റപ്പണികൾ നടത്തിവരുന്നു. 15.660 കി.മീ. റോഡുകൾ RC2-ൽ (Running Contract-Phase -2) ഉൾപ്പെടുത്തിയും പ്രവൃത്തികൾ നടന്നുവരുന്നു. ചിപ്പിംഗ് കാർപ്പെറ്റ്

റോഡുകൾ നവീരിച്ച് നിലവാരം ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഹിൽ ഹൈവേയിൽ ഉൾപ്പെടുന്ന മണത്തല മുതൽ വള്ളിത്തോട് വരെയുള്ള റോഡിന് 52.91 കോടി രൂപയുടെ സാങ്കേതികാനുമതി നൽകി പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. നിലവിൽ 8% പൂർത്തീകരിച്ചിട്ടുണ്ട്. എയർപോർട്ട് അനുബന്ധ റോഡ്-അമ്പായത്തോട്-പാൽച്ചുരം ബോയ്സ് ടൗൺ റോഡിന്റെ പുനരുദ്ധാരണത്തിന് വനഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലെത്തി. എയർപോർട്ട് അനുബന്ധ റോഡ്-മാനന്തവാടി-ബോയ്സ്ടൗൺ-പേരാവൂർ-ശിവപുരം റോഡിന്റെ ഭൂമി ഏറ്റെടുക്കുന്നതിന് അമ്പായത്തോട് മുതൽ മട്ടന്നൂർ വരെയുള്ള ഭാഗത്ത് അതിർത്തി കല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തിയായിട്ടുണ്ട്. ഇപ്പോൾ റവന്യൂ വിഭാഗവുമായി ചേർന്നുള്ള സംയുക്ത പരിശോധന നടന്നുവരികയാണ്. പെരുമ്പറമ്പ -കല്ലുവയൽ-നെല്ലിക്കാംപൊയിൽ റോഡ് നവീകരണത്തിന് 30.97 കോടി രൂപയുടെ സാമ്പത്തികാനുമതി കിഫ്ബിയിൽനിന്ന് ലഭിച്ചിരുന്നു. പ്രസ്തുത റോഡിലെ ആദ്യത്തെ 1.5 കി. മീ. ദൂരം ഇറിഗേഷൻ വകുപ്പിന്റെ ഭാഗമായി വരുന്നതാണ്. അതിന്റെ പുനരുദ്ധാരണത്തിനായി നിരാക്ഷേപപത്രം ലഭിക്കുന്നതിന് ആവശ്യമായ

രേഖകൾ ഇറിഗേഷൻ ഡിപ്പാർട്ട്മെന്റിന് സമർപ്പിച്ചിട്ടുണ്ട്. ഇത് ലഭ്യമാകുന്ന മുറയ്ക്ക് സാങ്കേതികാനുമതി നൽകി പ്രവൃത്തി ആരംഭിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്. റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ ഭാഗമായി എട്ടൂർ-പാലത്തുംകടവ് റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു. പ്രവൃത്തിയുടെ ഭാഗമായി എട്ടൂർ മുതൽ പാലത്തുംകടവ് വരെയുള്ള ആകെ 24.246 കി. മീ റോഡാണ് അഭിവൃദ്ധിപ്പെടുത്തുന്നത്. പ്രസ്തുത പ്രവൃത്തിയുടെ 84.44% പ്രവൃത്തി നിലവിൽ പൂർത്തീകരിച്ചിട്ടുണ്ട്.

(12) <u>ശ്രീ. എച്ച്. സലാം, എം.എൽ.എ.യുടെ സബ്മിഷന് ബഹുമാനപ്പെട്ട ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി നൽകിയ വിശദമായ മറുപടി</u>

നിലവിലുള്ള മെഡിക്കൽ കോളേജുകളുടെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾക്കും ആധുനിക ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനും ഗുണനിലവാരമുള്ള ചികിത്സ നൽകുന്നതിനും ആരോഗ്യ വിദ്യാഭ്യാസ മേഖലയുടെ സമഗ്രമായ വികസനത്തിനും വേണ്ടി ഊർജ്ജിത ശ്രമങ്ങളാണ് സർക്കാർ നടത്തിവരുന്നത്. ഇതിനോടൊപ്പംതന്നെ ആലപ്പുഴ മെഡിക്കൽ കോളേജിൽ 173 കോടി രൂപ മുതൽമുടക്കി നിർമ്മാണം പൂർത്തിയാക്കി പ്രവർത്തനസജ്ജമാക്കിയിട്ടുള്ള സൂപ്പർ സ്പെഷ്യാലിറ്റി

ബ്ലോക്കുകൾക്കും നിലവിലെ മെഡിക്കൽ കോളേജുകളുടെ സുഗമമായ പ്രവർത്തനങ്ങൾക്കും നാഷണൽ മെഡിക്കൽ കമ്മീഷന്റെ നിബന്ധനകൾ അനുസരിച്ച് അംഗീകാരം നിലനിർത്തുന്നതിനും അനിവാര്യമായ അധ്യാപക/അനധ്യാപക തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

(13) <u>ശ്രീ. എൻ. ഷംസുദ്ദീൻ, എംഎൽ.എ.യുടെ സബ്മിഷന് ബഹുമാനപ്പെട്ട പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി നൽകിയ വിശദമായ മറുപടി</u>

പാലക്കാട് ജില്ലയിലെ മണ്ണാർക്കാട് ഡിപ്പോയിൽനിന്ന് 27 സർവ്വീസുകൾ നിലവിൽ നടത്തിവരുന്നുണ്ട്. ഇതിൽ 22 ഓർഡിനറി സർവ്വീസുകളും 3 ഫാസ്റ്റ് സർവ്വീസുകളും 2 സൂപ്പർഫാസ്റ്റ് സർവ്വീസുകളുമാണ് നടത്തിവരുന്നത്. ഇതിനായി 24 ഓർഡിനറി, 3 ഫാസ്റ്റ്പാസഞ്ചർ, 3 സൂപ്പർഫാസ്റ്റ് എന്നിങ്ങനെ ബസ്സുകൾ അനുവദിച്ചിട്ടുണ്ട്. എല്ലാ ബസ്സുകൾക്കും ഓരോ വർഷവും സി.എഫ്. ഉൾപ്പെടെ നിയമപരമായ എല്ലാ ടെസ്റ്റുകളും വിജയകരമായി പൂർത്തീകരിച്ച് കാര്യക്ഷമത ഉറപ്പുവരുത്തിയശേഷമാണ് സർവ്വീസുകൾക്ക് ഉപയോഗിച്ചുവരുന്നത്. കൂടാതെ കെ.എസ്.ആർ.ടി.സി.യുടെ എല്ലാ ബസ്സുകൾക്കും

പ്രതിദിന/പ്രതിവാര/പ്രതിമാസ അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ചിട്ടാണ് സർവ്വീസുകൾക്ക് നൽകിവരുന്നത്. നിലവിൽ കേരള സംസ്ഥാനത്തിനുള്ളിൽ സ്റ്റേജ് ക്യാരേജ് സർവ്വീസുകളായി ഉപയോഗിക്കേണ്ട കാലപരിധി 15 വർഷമായി നിജപ്പെടുത്തിയിട്ടുണ്ടെങ്കിലും കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ കാലപരിധി 2024 സെപ്റ്റംബർ മാസംവരെ ദീർഘിപ്പിച്ച് സംസ്ഥാന സർക്കാർ പ്രത്യേക അനുമതി നൽകിയിട്ടുണ്ട്.

മണ്ണാർക്കാട് ഡിപ്പോയിൽനിന്നും അട്ടപ്പാടി മേഖലയിലേയ്ക്ക് പ്രതിദിനം 18 ഓർഡിനറി സർവ്വീസുകൾ നടത്തിവരുന്നു. കോവിഡ് നിയന്ത്രണങ്ങളെത്തുടർന്ന് 2020 മാർച്ച്-ഏപ്രിൽ മാസത്തിൽ നിർത്തിവച്ചിരുന്ന എല്ലാ സർവ്വീസുകളും പുനരാരംഭിച്ചിട്ടുണ്ട്. ടി മേഖലയിലെ യാത്രക്കാരുടെയും വിദ്യാർത്ഥികളുടെയും ആവശ്യകതയ്ക്കനുസരിച്ച് കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ ക്രമീകരിച്ച് നടത്തുന്നുണ്ട്. മണ്ണാർക്കാട് ഡിപ്പോയിൽനിന്നും പ്രതിദിനം 5 ദീർഘദൂര സർവ്വീസുകൾ നടത്തിവരുന്നുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

07.00 മണ്ണാർക്കാട്-തിരുവനന്തപുരം (സൂപ്പർഫാസ്റ്റ്)

16.00 മണ്ണാർക്കാട്-തിരുവനന്തപുരം (സൂപ്പർഫാസ്റ്റ്)

06.00 മണ്ണാർക്കാട്-ആലപ്പുഴ (ഫാസ്റ്റ്പാസഞ്ചർ)

05.00 മണ്ണാർക്കാട്-കോയമ്പത്തൂർ (ഫാസ്റ്റ്പാസഞ്ചർ)

06.15 മണ്ണാർക്കാട്-കോയമ്പത്തൂർ (ഫാസ്റ്റ്പാസഞ്ചർ)

കോവിഡ്കാല നിയന്ത്രണങ്ങൾമൂലം നിന്നുപോയ ദീർഘദൂര സർവ്വീസുകൾ ഉൾപ്പെടെയുള്ള സർവ്വീസുകളിൽ ജനോപകാരപ്രദമായതും വരുമാന ലഭ്യത ഉള്ളതുമായ മിക്ക ട്രിപ്പുകളും യാത്രക്കാർക്കും കെ.എസ്.ആർ.ടി.സിക്കും ഗുണകരമാകുന്ന രീതിയിൽ പുനഃക്രമീകരിച്ച് സർവ്വീസ് നടത്തിവരുന്നുണ്ട്. ടി സാഹചര്യത്തിൽ നിന്നുപോയ സർവ്വീസുകൾ/ട്രിപ്പുകൾ പുനരാരംഭിക്കണമെന്ന ആവശ്യത്തിന്മേൽ സാധ്യതാപഠനം നടത്തി റിപ്പോർട്ട് പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(14) <u>ശ്രീ. മോൻസ് ജോസഫ്, എം.എൽ.എ.യുടെ സബ്മിഷന് ബഹുമാനപ്പെട്ട പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി നൽകിയ മറുപടി</u>

ഉഴവൂർ ജോയിന്റ് ആർ.ടി. ഓഫീസിന്റെ കീഴിൽ മോനിപ്പള്ളിയിൽ റീജിയണൽ ഡ്രൈവർ ട്രെയിനിംഗ് & റിസർച്ച് സെന്റർ (RDTR) അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിക്കുന്നതാണ്.

കേരളത്തിൽ ഒരു IDTR (ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡ്രൈവർ ട്രെയിനിംഗ് & റിസർച്ച്) മലപ്പുറം ജില്ലയിലെ എടപ്പാളിൽ പ്രവർത്തിച്ചുവരുന്നുണ്ട്. അഞ്ച് കോടിയിൽ കൂടുതൽ ജനസംഖ്യയുള്ള സംസ്ഥാനങ്ങൾക്കാണ് കേന്ദ്രസർക്കാർ കൂടുതൽ ട്രെയിനിംഗ് സെന്ററുകൾ അനുവദിക്കുന്നത്. അങ്ങയുടെ അഭ്യർത്ഥനയുടെ അടിസ്ഥാനത്തിൽ മോനിപ്പള്ളിയിൽ പ്രവർത്തിക്കുന്ന കമ്പ്യൂട്ടറൈസ്ഡ് വെഹിക്കിൾ ടെസ്റ്റിംഗ് സ്റ്റേഷൻ അപ്ഗ്രേഡ് ചെയ്യാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. കെൽട്രോണിന് ഇതിനകം വർക്ക് ഓർഡർ നൽകിക്കഴിഞ്ഞു.